# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 543 29-06-2015 ലെ മറുപടിയ്ക്ക്

### കാരുണ്യ ചികിത്സാ പദ്ധതി

| | ചോദ്യം<br><br>ശ്രീ. മോൻസ് ജോസഫ് | | മറുപടി<br><br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം നിയമസഭാ സാമാജികർ നൽകുന്ന ശിപാർശകളിന്മേൽ അവർക്ക് മറുപടി നൽകുന്ന കാര്യം സർക്കാർ പരിശോധിക്കുമോ; | (എ) | പരിശോധിക്കുന്നതാണ്. |
| (ബി) | കാരുണ്യ ചികിത്സാ പദ്ധതി വഴി ലഭിക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനും അനുവദിക്കുന്ന തുക എത്രയും വേഗം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | ജില്ലകളിൽ നിന്നും ജില്ലാതല സമിതി പരിശോധിച്ച് ശുപാർശ ചെയ്യുന്ന അപേക്ഷകൾ ഓൺലൈനായി കാരുണ്യ ഹെഡ് ഓഫീസിലേക്ക് അയക്കുകയും അവ പരിശോധിച്ച് പ്രോസസ് ചെയ്ത് സംസ്ഥാന തലകമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും സംസ്ഥാനതല സമിതി അംഗീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ആശുപത്രികളിലേക്ക് കാലതാമസം കൂടാതെ അയക്കുകയുമാണ് ചെയ്തു വരുന്നത്. |
| (സി) | കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം 2012 ജനുവരി 1 മുതൽ 2015 മേയ് 31 വരെ എത്ര പേർക്ക് ചികിത്സാ ധനസഹായം ലഭിച്ചു; ആർക്കൊക്കെ എന്ന വിവരം അറിയിക്കാമോ? | (സി) | കാരുണ്യ ചികിത്സാ പദ്ധതിപ്രകാരം ധനസഹായത്തിന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ലഭിക്കുന്ന അപേക്ഷകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ വേർതിരിച്ച് കണക്കാക്കിയിട്ടില്ല. |

Jayesh

**സെക്ഷൻ ഓഫീസർ.**